LIBRARY ARCHIVES Kerala Legislative Assembly

നടപടികളെല്ലാം നമുക്ക് സ്വീകരിക്കാനുമാകണം. അതോടൊപ്പം ഇത്തരം ചെയ്തികൾ ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുകയെന്നതും പ്രധാനമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(3) വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. പി. പി. സുമോദ്: സർ, തൃശ്ശൂർ മണ്ഡലത്തിന്റെ കേന്ദ്രമായ വടക്കഞ്ചേരിയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളായ വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട്, കാവശ്ശേരി, തൃശ്ശൂർ എന്നിവ ആലത്തൂർ റേഞ്ച് പരിധിയിലാണ് ഉൾപ്പെടുന്നത്. ബാക്കിവരുന്ന നാല് പഞ്ചായത്തുകളായ വണ്ടാഴി, കിഴക്കഞ്ചേരി, ആലത്തൂർ, മേലാർക്കോട് എന്നീ പഞ്ചായത്തുകൾ ആലത്തൂർ മണ്ഡലത്തിലുമാണ്. ഇതിൽ പുതുക്കോട്, കണ്ണമ്പ്ര, വടക്കഞ്ചേരി, തൃശ്ശൂർ എന്നീ പഞ്ചായത്തുകൾ തൃശ്ശൂർ ജില്ലയുമായി അതിർത്തി പങ്കിടുന്നവയാണ്. കിഴക്കഞ്ചേരി, വണ്ടാഴി തുടങ്ങിയ പഞ്ചായത്തുകൾ മലയോരപ്രദേശങ്ങൾ കൂടിയാണ്. മലമ്പ്രദേശങ്ങളും ദേശീയപാതയും വരാൻപോകുന്ന ടോൾ പ്ലാസയും നിരവധി ഗ്രാമങ്ങളും സ്ഥിതിചെയ്യുന്ന ആലത്തൂർ റേഞ്ച് പരിധി ഏറെ വിസ്തൃതിയുള്ള പ്രദേശമാണ്. ആയതിനാൽ ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് വടക്കഞ്ചേരി കേന്ദ്രമായി ഒരു എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ.എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെ 138 എക്സൈസ് റേഞ്ച് ഓഫീസുകളും 69 എക്സൈസ് സർക്കിൾ ഓഫീസുകളും നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ 5 സർക്കിൾ ഓഫീസുകളും 13 റേഞ്ച് ഓഫീസുകളും നിലവിലുണ്ട്. സംസ്ഥാനത്ത് പല റേഞ്ച് ഓഫീസുകളുടേയും അധികാരപരിധി വളരെ വിസ്തൃതമാണ്. ഇത്തരം വിസ്തൃതി കൂടിയ റേഞ്ചുകൾ വിഭജിക്കുന്നതിനുള്ള ആവശ്യം ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. നിലവിലെ എക്സൈസ് റേഞ്ച് ഓഫീസുകളുടെ വിഭജനവുമായും 37 പുതിയ എക്സൈസ് റേഞ്ചുകളുടെ രൂപീകരണവുമായും ബന്ധപ്പെട്ട ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ആലത്തൂർ റേഞ്ചിന്റെ അധികാരപരിധി 366.9

LIBRARY ARCHIVES Kerala Legislative Assembly

ചതുരശ്ര കിലോമീറ്ററാണ്. ഇതിന്റെ പരിധിയിൽ 16 വില്ലേജുകളും 9 പഞ്ചായത്തുകളുമുണ്ട്. പുതുതായി 37 എക്സൈസ് റേഞ്ചുകൾ രൂപീകരിക്കുന്നതിനും ആലത്തൂർ റേഞ്ച് വിഭജിച്ച് പുതുതായി വടക്കഞ്ചേരി റേഞ്ച് രൂപീകരിക്കുന്നതിനുമുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

(4) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

ശ്രീ. ഷാഫി പറമ്പിൽ: സർ, - All India Institute of Medical Sciences-ന്റെ മാതൃകയിൽ കേരളത്തിന് അഭിമാനമായി വിഭാവന ചെയ്തൊരു സ്ഥാപനമാണ് പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്. ഇൻഡ്യയിൽ മറ്റൊരിടത്തുമില്ലാത്ത വിധത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ മെഡിസിൻ പഠനത്തിന് ഏറ്റവും വലിയ സൗകര്യമൊരുക്കുന്നതോടൊപ്പം ഈ മെഡിക്കൽ കോളേജിൽനിന്നും ഒറ്റവർഷം 70-ലധികം വിദ്യാർത്ഥികൾക്ക് പഠിച്ചിറങ്ങാനുമുള്ള സാഹചര്യമൊരുങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വരികയും മെഡിക്കൽ കോളേജിന്റെ തുടർപ്രവർത്തനത്തെയും എല്ലാ വിഭാഗം ആളുകളുടെ ആവശ്യങ്ങളെയും സംബന്ധിച്ച് ദീർഘനേരം കേട്ട് അവലോകനം നടത്തുകയുമുണ്ടായി. കഴിഞ്ഞ മൂന്നുമാസമായി അവിടത്തെ ഡോക്ടേഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്നത് അങ്ങേയ്ക്കും അറിയാവുന്നതാണ്. ഹൗസ് സർജൻസി ചെയ്യുന്ന കുട്ടികളുടെ സ്റ്റൈപ്പൻഡും മുടങ്ങിക്കിടക്കുകയാണ്. അതുപോലെ നോൺ-അക്കാഡമിക്കൽ, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം ഉൾപ്പെടെയുള്ളവ പ്രയാസങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുണ്ട്. പാലക്കാടിന്റെ ആരോഗ്യ സ്വയംപര്യാപ്തതയ്ക്ക് ആ മെഡിക്കൽ കോളേജിന്റെ അനിവാര്യത എത്രത്തോളമാണെന്ന് അങ്ങേയ്ക്ക് നേരിട്ടറിയാവുന്നതുമാണ്. അതുകൊണ്ട് പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ എത്രയുംപെട്ടെന്ന് 550 ബെഡ്ഡുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി അതിന്റെ പ്രവർത്തനം ആരംഭിക്കണം. അതിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കാനുള്ള പരിമിതികളെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. എല്ലാ വിഭാഗങ്ങൾക്കും ഇവിടെ ചികിത്സ ഓപ്പണാണ്. അതിനൊരു റിസർവേഷനുമില്ല. ഈ മെഡിക്കൽ കോളേജ് തുടങ്ങുന്ന സമയത്ത് പ്രതിപക്ഷത്തുനിന്നുയർന്ന ഏറ്റവും പ്രധാനപ്പെട്ടൊരു ആവശ്യം നോൺ-പ്ലാൻ ഫണ്ടിൽനിന്നും ഈ മെഡിക്കൽ കോളേജിന് ബഡ്ജറ്ററി സപ്പോർട്ട് വേണമെന്നതാണ്. സഭ അന്നത് അംഗീകരിച്ചതും കൊടുക്കാമെന്ന് സമ്മതിച്ചതും ഘട്ടം വരുമ്പോൾ അത് പരിഗണിക്കാമെന്ന്